മലയാള മനോരമ
ESTABLISHED 1888

25 May 2017

# അമിതവണ്ണം കുറയ്ക്കാൻ സിഎംഎഫ്ആർഐ ഉൽപന്നം

## വിപണിയിലിറക്കാൻ വിഎൽസിസി ഗ്രൂപ്പുമായി കരാർ

കൊച്ചി ● അമിതവണ്ണവും കൊളസ്ട്രോളും കുറയ്ക്കുന്നതിനു കേന്ദ്ര സമുദ്ര മൽസ്യഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വികസിപ്പിച്ച ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നം വിപണിയിലിറക്കുന്നതിനായി ആരോഗ്യരക്ഷാ ഉൽപന്ന നിർമാതാക്കളായ വിഎൽസിസി ഗ്രൂപ്പുമായി കരാർ ഒപ്പുവച്ചു. കടൽപ്പായലിൽ നിന്ന് ബയോആക്ടീവ് സംയുക്തങ്ങൾ വേർതിരിച്ചാണ് കടൽമീൻ ആന്റിഹൈപ്പർ കൊളെസ്ട്രോളമിക് എക്സ്ട്രാക്റ്റ് എന്ന ഉൽപന്നം വികസിപ്പിച്ചിരിക്കുന്നത്. 400 മില്ലിഗ്രാം അളവിലുള്ള ക്യാപ്സൂളുകളായാണ് ലഭ്യമാകുക. ഉൽപന്നത്തിന് പാർശ്വഫലങ്ങളില്ലെന്നു സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

സിഎംഎഫ്ആർഐയിലെ മറൈൻ ബയോടെക്നോളജി വിഭാഗത്തിലെ ഡോ. കാജൽ ചക്രവർത്തിയാണ് ഉൽപന്നം വികസിപ്പിച്ചത്. കടലിൽനിന്നും സിഎംഎഫ്ആർഐ. വികസിപ്പിക്കുന്ന നാലാമത്തെ ഔഷധമാണിത്. നേരത്തേ പ്രമേഹത്തിനും സന്ധിവേദനയ്ക്കും ഉൽപന്നങ്ങൾ വികസിപ്പിച്ചിരുന്നു.

കരാർപത്രത്തിൽ സിഎംഎഫ്ആർഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, വിഎൽസിസി ഗ്രൂപ്പ് ഡയറക്ടർ സന്ദീപ് അഹൂജ, വൈസ് പ്രസിഡന്റ് ഡോ. എ.എച്ച്. സൈദി എന്നിവർ ഒപ്പുവച്ചു. ചടങ്ങിൽ ഡോ. പി. വിജയഗോപാൽ, ഡോ. കെ. സുനിൽ മുഹമ്മദ്, ഡോ. ആർ. നാരായണകുമാർ, ഡോ. ടി.വി. സത്യാനന്ദൻ, ഡോ. പി.യു. സക്കറിയ, ഡോ. വി. കൃപ, ഡോ. കെ.കെ. ജോഷി, ഡോ. ജി. മഹേശ്വരുഡു, എ.വി. ജോസഫ് എന്നിവർ പ്രസംഗിച്ചു.